# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2091** — **04/11/2019-ൽ മറുപടിക്ക്**

## ആരോഗ്യമേഖലയിലെ വെല്ലുവിളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, കെ.സി.ജോസഫ്**<br>**,, വി.ടി.ബൽറാം**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) | |
| **എ)** | അന്താരാഷ്ട്ര നിലവാരത്തിൽ ആരോഗ്യമേഖല എത്തിയെന്ന് അവകാശപ്പെടുമ്പോഴും സംസ്ഥാനത്ത് മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ പുതിയ വൈറസ് ബാധകൾ ഉണ്ടാകുന്നത് ആരോഗ്യ രംഗത്ത് കടുത്ത വെല്ലുവിളി ഉണ്ടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | **എ)** | സംസ്ഥാനത്ത് നിപാ വൈറസ് ഉൾപ്പെടെ പുതിയതരം വൈറസ് ബാധകൾ ഉണ്ടാകുന്നത് വെല്ലുവിളിയാണെങ്കിലും ആരോഗ്യവകുപ്പ് അടിയന്തരമായി ഇടപെട്ട് കാര്യക്ഷമമായ രീതിയിൽ അത്തരം രോഗങ്ങൾക്കെതിരെ വിജയകരമായി പ്രവർത്തിച്ചുവരുന്നു. |
| **ബി)** | ഈ വെല്ലുവിളി നേരിടുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | **ബി)** | വൈറസ് ബാധ ഉണ്ടാകുന്നവർക്ക് ഏതു രോഗമാണെന്ന് സ്ഥിരീകരണം നടത്തി അനുയോജ്യമായ ചികിത്സ ലഭ്യമാക്കുന്നു. രോഗം മറ്റുള്ളവരിലേയ്ക്ക് പകരാതിരിക്കാൻ അണുനശീകരണം, വ്യക്തിഗത സുരക്ഷ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നു. വിദഗ്ധ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ദ്രുതകർമ്മസേനായോഗവും കാര്യകാരണ വിശകലനവും നടത്തി ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നു. |
| **സി)** | സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണം ശരിയായ രീതിയിൽ നടത്താത്തതാണ് ആരോഗ്യമേഖലയിൽ ഭീഷണി സൃഷ്ടിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്തൊക്കെ ഇടപെടലുകളാണ് വകുപ്പ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | **സി)** | പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പ് നടത്തിവരുന്ന 'ആരോഗ്യജാഗ്രത' എന്ന വാർഷിക കർമ്മ പരിപാടിയുടെ ഭാഗമായി മഴക്കാലപൂർവ്വ ശുചീകരണവും നടത്തിയിരുന്നു. ഈ വർഷം ആരോഗ്യവകുപ്പിന്റെ 'പ്രതിദിനം പ്രതിരോധം' പരിപാടിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആരോഗ്യ സുരക്ഷയ്ക്ക് 'മാലിന്യമുക്ത പരിസരം' പരിപാടിയും നടപ്പിലാക്കിയിരുന്നു. |
| **ഡി)** | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ | **ഡി)** | മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ |

കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശക്തമായ മേൽനോട്ടം വഹിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടത്തുന്നതിന് ഇതര വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും സംസ്ഥാന തലത്തിലും അതുകൂടാതെ ജില്ലാ തലങ്ങളിലും യോഗങ്ങൾ നടത്തിയിരുന്നു. ജില്ലാ ചാർജുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർ ഇത്തരം പ്രവർത്തനങ്ങൾ അവലോകനം നടത്തിയിരുന്നു. അതനുസരിച്ചുള്ള കർമ്മപദ്ധതികളാണ് നടപ്പാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ